# അഥ, കണ്ണട ദുരന്തം

**[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]**

**പഴകിയിട്ടും** അഴുകാത്ത വാക്കിന്റെ
തഴുകിയിട്ടും വഴുതാത്ത വക്കിൽ
സൂക്ഷ്മദർശന നിദർശനം കൊളുത്തിയ
ഗുരുവിൻ പാതയിൽ ഉപനിഷാദിയായ്
ദുരന്തം ശുഭാന്തക നടനമാക്കുന്ന
ശിഷ്യപരമ്പരാ കളരിക്കണ്ണിയായ്
കൺകാച വികാസ വിശാലത.

കണ്ണട പരിശീലിച്ച യുവസംക്രമണത്തിൽ
കടത്തുകാരിപ്പെണ്ണിനെ കടവോടെ കടത്തി
വാടാമലർ അടർത്തി മാല ചാർത്തും മുമ്പേ
വെള്ളെഴുത്തു തെളിയണ ദുർഭൂതക്കണ്ണട.
വെള്ളിക്കമ്പിച്ചുവട്ടിൽ മൂക്കുപാലത്തടത്തിലെ
കണ്ണട തേടിയലയുന്ന തീരാത്ത തീർത്ഥയാത്ര.

കണ്ണടയ്ക്കുമ്പോൾ എല്ലാം കാണണ
സഞ്ജയ ദൃഷ്ടിയിൽ ദൃശ്യകല.
തൂത്താൽ തീരാത്ത ജാതക വിശേഷങ്ങൾ
കണ്ടിട്ടും കാണാത്ത കനക സിംഹാസനം
കാനന കൂനാങ്കൂരിരുട്ടിൽ കണ്ണടച്ചു തിരയാൻ
കരിങ്കണ്ണട കടം വാങ്ങി ഉൾത്തേജസ്സു മൂടി
ഉള്ളുകള്ളികളിലെ കളിക്കളരിയിൽ
ഉടയോനെ കളിപ്പിക്കണ കള്ളം തേവി
സാക്ഷാൽ നാണപ്പനെ നുണയപ്പനാക്കുന്നു.
****************************************************************************